# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 17 | ലക്കം 2 | പേജ് 4 | 2010 നവംബർ 16–30

2 കൽക്കട്ടാ ഭദ്രാസന പ്രശ്നം
2 മനശാസ്ത്രപംക്തി
3 ധ്യാനപീഠം
4 എളംകുളംപള്ളികേസ്

## പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അഭിഷിക്തനായി



പരുമല : പരിശുദ്ധി വിളങ്ങുന്ന പരുമലയുടെ പുണ്യഭൂമിയിൽവെച്ച് നവംബർ 1-ാം തീയതി രാവിലെ മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അഭിഷിക്തനായി. പ്രാർത്ഥനാനിർഭരരായി ആയിരങ്ങൾ സാക്ഷിനിൽക്കെ പ.ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ കാതോലിക്കാ വാഴ്ചയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ വി. കുർബ്ബാനയ്ക്ക് പ്രധാന കാർമ്മികത്വം വഹിച്ചു. മലങ്കരസഭയിലെ മറ്റ് മെത്രാപ്പോലീത്തന്മാർ സ്ഥാനാരോഹണ ശുശ്രൂഷയ്ക്ക് സഹകാർമ്മികരായിരുന്നു.

പ.കാതോലിക്കാ ബാവായുടെ നേതൃത്വത്തിൽ മെത്രാപ്പോലീത്തന്മാരും വൈദികരും ചേർന്ന് നിയുക്ത കാതോലിക്കാ ബാവായെ ദേവാലയത്തിലേക്ക് ആനയിച്ചു. തുടർന്ന് പ്രഭാത പ്രാർത്ഥനയും അതിനുശേഷം വി. കുർബ്ബാനയും ആരംഭിച്ചു. തുടർന്ന് ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ബാവാ വിശ്വാസപ്രഖ്യാപനം നടത്തി. പ.കാതോലിക്കാ ബാവാ അദ്ദേഹത്തിന്റെ നെറ്റിയിൽ മൂന്നുതവണ കുരിശ് വരച്ച് പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ദൈവമാനത്തിൽ അഭിഷിക്തനായി എന്നു പ്രഖ്യാപിച്ചു. തുടർന്ന് പൂർണ്ണ സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് പ.ബസ്സേലിയോസ് ദ്വിതീയൻ ബാവായെ സിംഹാസനത്തിൽ ഇരുത്തി മെത്രാന്മാർ മൂന്നുപ്രാവശ്യം ഉയർത്തി ഓക്സിയോസ് ചൊല്ലി. സന്നിഹിതരായി

(ശേഷം പേജ് 2-ൽ)

## പ.കാതോലിക്കാ ബാവായ്ക്ക് അനുമോദനങ്ങൾ

മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായി അഭിഷിക്തനായിരിക്കുന്ന പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് അഭിനന്ദനങ്ങൾ.

മലങ്കരസഭയിൽ കാതോലിക്കേറ്റ് സ്ഥാപിതമായതിനുശേഷം ആ മഹനീയമായ സ്ഥാനത്തേക്കു വരുന്ന എട്ടാമത്തെ കാതോലിക്കായാണ് പ.പൗലോസ് ദ്വിതീയൻ.

കാതോലിക്കാ സ്ഥാനത്തേക്കുള്ള അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് മലങ്കരസഭാമക്കൾ ആവേശത്തോടെയാണ് സ്വീകരിച്ചത്. യുവത്വത്തിന്റെ പ്രസരിപ്പും പ്രവർത്തന സന്നദ്ധതയും ലളിതജീവിതവും കൈമുതലായ ശ്രേഷ്ഠ നിയുക്ത കാതോലിക്കാ ആയിതന്നെ പ്രവർത്തിമണ്ഡലങ്ങളിൽ വിജയിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

പ്രായാധിക്യത്തിൽ ആയ പ.ദിദിമോസ് പ്രഥമൻ ബാവാ സ്ഥാനം ഒഴിഞ്ഞ് പിൻഗാമിക്ക് സ്ഥാനം നൽകിയതുതന്നെ മുൻഗാമിയുടെ തികഞ്ഞ അംഗീകാരമായി മനസ്സിലാക്കാൻ സാധിക്കണം. പൗലോസ് ദ്വിതീയൻ ബാവാ സ്ഥാനമേറ്റിരുന്നില്ലെങ്കിലും രണ്ടുമൂന്നു വർഷങ്ങളായി ദേവലോകം അരമനയിൽ താമസിച്ചുകൊണ്ട് സഭയുടെ ഭരണം കയ്യാളി സഭയ്ക്കു നേതൃത്വം നൽകികൊണ്ടിരിക്കുകയായിരുന്നു. ഇപ്പോൾ ആ സ്ഥാനം ഒദ്യോഗികമായി സ്വീകരിച്ചിരിക്കുന്നു. സ്വാഭാവികമായ ഒരു അധികാരകൈമാറ്റവും പരിണാമവുമാണത് എന്നു പറയാം.

ദീർഘായുഷ്മാനായി ആയുരാരോഗ്യത്തോടെ ദൈവാശ്രയത്തിൽ സഭയെ മുമ്പോട്ട് നയിക്കാൻ അദ്ദേഹത്തിനിടയാകട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

മലങ്കരസഭാമക്കളുടെ അകമഴിഞ്ഞ പിന്തുണയും ആത്മാർത്ഥമായ സഹകരണവും പ.ബാവായ്ക്ക് ഉണ്ടാകും. സഭയെ ശക്തിപ്പെടുത്തി ധീരതയോടെ നയിക്കാൻ അദ്ദേഹത്തിന് എല്ലാ പിന്തുണയും നൽകുന്നതോടൊപ്പം ഹൃദയംഗമമായ ആശംസകളും നേരുന്നു.

**ഫാ.ഡോ.എം.ഒ.ജോൺ**

## പ.കാതോലിക്കാ ബാവായ്ക്ക് (ബസ്സേലിയോസ് മാർത്തോമ്മാ) പൗലോസ് ദ്വിതീയൻ എന്ന പേരു നൽകിയത് യുക്തിയോ യുക്തിഭംഗമോ?

**ഫാ.ഡോ.എം.ഒ.ജോൺ**

പ.കാതോലിക്കാ ബാവായ്ക്ക് നൽകിയിരിക്കുന്ന പേര് പൗലോസ് ദ്വിതീയൻ എന്നാണ്. പൗലോസ് പ്രഥമൻ എന്ന പേരായിരുന്നു മലങ്കരയിലെ ഒന്നാം കാതോലിക്കായ്ക്ക് (മുറിമറ്റത്തിൽ ബാവാ) നൽകിയിരുന്നത്. അതുകൊണ്ട് പൗലോസ് ദ്വിതീയൻ എന്ന് ഇപ്പോഴത്തെ ബാവായെ വിളിക്കുന്നത് യുക്തിസഹമാണെന്നു പറയാം.

എന്നാൽ പൗരസ്ത്യ മഫ്രിയാനാമാരുടെ അല്ലെങ്കിൽ ഇപ്പോൾ വിളിക്കുന്നപോലെ കാതോലിക്കാമാരുടെ ഗണത്തിൽ ഇദ്ദേഹം രണ്ടാമത്തെ പൗലോസ് അല്ല.

എട്ടാം നൂറ്റാണ്ടിൽ പൗലോസ് എന്ന പേരിൽ ഒരു മഫ്രിയാന ഉണ്ടായിരുന്നു. കാതോലിക്കാമാർക്കു പേരു നൽകുമ്പോൾ ഒരേ പേരിൽ രണ്ടാമതൊരാൾ വരുമ്പോൾ അദ്ദേഹത്തെ രണ്ടാമൻ എന്നു വിളിക്കും, മൂന്നാമത്തെ ആളിനെ മൂന്നാമൻ എന്നു വിളിക്കും. അതാണ് പതിവ്.

ഇപ്പോഴത്തെ കാതോലിക്കാ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലെ അല്ലെങ്കിൽ കിഴക്കിന്റെ 91-ാമത്തെ കാതോലിക്കാ ആണെന്നാണല്ലോ ഔദ്യോഗികമായി പറയുന്നത്. അങ്ങനെയെങ്കിൽ ഈ 91 പേരുടെ കൂട്ടത്തിൽ പൗലോസ് എന്ന പേരുകാരനായ മൂന്നാമത്തെ ആളാണ് ഇപ്പോഴത്തെ പ.ബാവ.

ഒന്നാമത്തെ ആൾ എ.ഡി.727 മുതൽ 757 വരെ മഫ്രിയാനാ ആയിരുന്നു. രണ്ടാമത്തെ ആൾ 1912 മുതൽ 1913 വരെ മലങ്കരയിലെ കാതോലിക്കാ അഥവാ മഫ്രിയാന ആയിരുന്നു. മൂന്നാമത്തെ ആളാണ് ഇപ്പോൾ കാതോലിക്കാ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടിരിക്കുന്ന പൗലോസ് മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ (ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവ). ഇപ്പോഴത്തെ കാതോലിക്കാ പൗരസ്ത്യദേശത്തെ 91-ാം കാതോലിക്കാ ആണെന്നു പറയുകയാണെങ്കിൽ അദ്ദേഹം പൗലോസ് മൂന്നാമനാണ്.

വേണ്ടവണ്ണമുള്ള ചരിത്രബോധമില്ലാതെയും ആലോചന കൂടാതെയും പേരുനൽകിയതുകൊണ്ടോ, യാക്കോബായ സഭയുടെ പൗലോസ് രണ്ടാമനെ (പൗലോസ് മാർ ഫീലക്സിനോസ്) അംഗീകരിച്ചു എന്നു തെറ്റിദ്ധരിക്കും എന്നു വിചാരിച്ചതുകൊണ്ടോ എന്താണെന്നറിയില്ല ഇദ്ദേഹത്തിന് പൗലോസ് രണ്ടാമൻ എന്നു പേരുനൽകാനായിരുന്നു സുന്നഹദോസ് തീരുമാനം. എന്തായാലും പ.കാതോലിക്കാ ബാവായെ പൗലോസ് ദ്വിതീയൻ എന്നുതന്നെ വിളിക്കാം. ഇനിയും മാറ്റാൻ പറ്റില്ലല്ലോ. അപ്പോൾ 91-ാം കാതോലിക്കാ എന്ന് അവകാശപ്പെടുന്നത് ശ്രദ്ധിച്ചുവേണമെന്നുമാത്രം. 91-ാമനെന്നും രണ്ടാമനെന്നും ഒന്നിച്ചുപറയുന്നത് പരസ്പരവിരുദ്ധമാകും. ഈ അബദ്ധം അപ്പോൾ (മുറിമറ്റത്തിൽ) ബസ്സേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ കാര്യത്തിലും പിണഞ്ഞില്ലേ എന്ന് ചോദിക്കാം. പണ്ടു ചെയ്തുപോയ അബദ്ധത്തിന് ഏത്തമിടാതെന്തുചെയ്യാൻ

### പൗലോസ് ഒന്നാമൻ

ഒന്നാമത്തെ പൗലോസ് മഫ്രിയാനയെക്കുറിച്ച് ബാർ എബ്രായയുടെ സഭാചരിത്രത്തിൽ പറഞ്ഞിരിക്കുന്ന ഭാഗം ഇപ്രകാരമാണ്:

“.......ദനഹാ മഫ്രിയാൻ പതിനാലുവർഷം അജപാലകദൗത്യം നിർവ്വഹിച്ചശേഷം ഗ്രീ.വ.1039 (ക്രി.വ.727) ഒക്ടോബർ 19ന് മരിച്ചു. തിഗ്രീസിൽ അദ്ദേഹം പണിത പുതിയ പള്ളിയിൽ കബറടങ്ങി.

### ദനഹാ രണ്ടാമനു ശേഷം പൗലോസ്

മാർ ദനഹായുടെ മരണശേഷം ശിംഗാർ പ്രദേശത്തുള്ള കനുശ്യാ ആശ്രമത്തിലെ ആർക്കിമൺറൈറ്റും വൈദികനുമായ പൗലോസ് മഫ്രിയാനായി തെരഞ്ഞെടുക്കപ്പെട്ടു. ഗുബാബാറായ ആശ്രമത്തിനു മുമ്പ് ആർക്കിമൺറൈറ്റായിരുന്ന മാർ അത്താനാസിയോസ് പാത്രിയർക്കീസ് അദ്ദേഹത്തെ വാഴിച്ചു. പൗലോസ് തിഗ്രീസിലെ വിവിധ ഗ്രൂപ്പുകളെ രമ്യപ്പെടുത്തുകയും നഗരത്തിൽ നല്ല ക്രമീകരണം വരുത്തുകയും ചെയ്തു.

മഫ്രിയാൻ പൗലോസ് ഇരുപത്തി ഒൻപതു വർഷം ഭരിച്ചശേഷം ഗ്രീ.വ.1068 (ക്രി.വ.757) മാർച്ച് 25ന് മരിച്ചു. കോട്ടയ്ക്കകത്തെ പള്ളിയിൽ അടക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ കാലത്താണ് അത്താനാസിയോസ് പാത്രിയർക്കീസും യോഹന്നാൻ പാത്രിയർക്കീസും മരിച്ചതും അവർക്കുശേഷം ഗീവർഗീസ് പാത്രിയർക്കീസ് വാഴിക്കപ്പെട്ടതും.”

ഒരു കാര്യം വ്യക്തമാണ്. 1912-ലൊന്നും എൺപതെന്നും തൊണ്ണൂറെന്നും ഒക്കെയുള്ള കണക്കൊന്നും ആരും കണ്ടുപിടിക്കുകയോ അങ്ങനെ പറയുകയോ ചെയ്തിരുന്നില്ല. എട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പൗലോസ് മഫ്രിയാന്റെ (കാതോലിക്കാ) പിൻഗാമി എന്ന നിലയിലാണ് യാക്കോബായ സഭയുടെ 1972

(ശേഷം പേജ് 3-ൽ)

### 91-ാം കാതോലിക്കായെങ്കിൽ.........

### .....പൗലോസ് രണ്ടാമൻ എന്നല്ല, മൂന്നാമൻ എന്നു പറയണം.

മലങ്കരയിലെ കാതോലിക്കാ പൗരസ്ത്യദേശത്തെ 91-ാം കാതോലിക്കാ എന്നു പറഞ്ഞാൽ ഇതിനുമുമ്പുള്ള 91 കാതോലിക്കാമാരുടെയും ലിസ്റ്റ് പരിശോധിക്കേണ്ടിവരും. ലിസ്റ്റനുസരിച്ച് പൗലോസ് എന്ന പേരിൽ മുമ്പുണ്ടായിരുന്ന കാതോലിക്കാമാർ ഒന്നാമൻ രണ്ടാമൻ എന്നിങ്ങനെ വിളിക്കുമ്പോൾ ഇപ്പോഴത്തെ കാതോലിക്കാ മൂന്നാമത്തെ പൗലോസ് ആണ്.

91-ന്റെ കണക്ക് ഒപ്പിക്കാൻ തിഗ്രീസിലെ മഫ്രിയാനാമാർ ഇപ്പോഴത്തെ കാതോലിക്കായുടെ മുൻഗാമിമാരാണെന്നു പറയേണ്ടിവരുന്നു. മഫ്രിയാനാമാരെല്ലാം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനികളായിരുന്നു എന്ന യാഥാർത്ഥ്യം ആർക്കും നിഷേധിക്കുവാൻ സാധിക്കുകയുമില്ല.

# കൽക്കട്ടാ ഭദ്രാസനം ഒരുമയോടെ മുന്നോട്ട്

**ഫാ. രാജു തോമസ്** (കൽക്കട്ടാ ഭദ്രാസന മാനേജിംഗ് കമ്മറ്റിയംഗം)

മലങ്കര സഭാദീപത്തിൽ (2010 ഒക്ടോബർ 16-31) കൽക്കട്ടാ ഭദ്രാസനവുമായി ബന്ധപ്പെട്ട ചില വാർത്തകൾ വായിക്കുവാനിടയായി. ഇതിൽ പരാമർശിച്ചിരിക്കുന്ന സംഭവങ്ങളുടെ നിജസ്ഥിതി മാന്യവായനക്കാർ മനസ്സിലാകേണ്ടതിനാലാണ് ഈ കുറിപ്പ് എഴുതുന്നത്.

ലേഖനത്തിന്റെ തലക്കെട്ട് കൽക്കട്ട ഭദ്രാസന പ്രശ്നം എന്നാണ്. കൽക്കട്ടാ ഭദ്രാസനത്തിൽ നിലവിൽ യാതൊരു പ്രശ്നവും ഇല്ല എന്ന് ആദ്യമേ തന്നെ അറിയിക്കട്ടെ. ഭദ്രാസന കൗൺസിലും, ബഹുമാനപ്പെട്ട വൈദീകരും ഭദ്രാസനാംഗങ്ങളും ഒത്തൊരുമയോടെ അഭിവന്ദ്യ ഇടവകമെത്രാപ്പോലീത്താ ഡോ. ജോസഫ് മാർ ദീവന്നാസ്യോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നു.

ഭാഗ്യസ്മരണർഹനായ അഭി:സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് മലങ്കര മെത്രാപ്പോലീത്താ കൂടിയായ പരിശുദ്ധ കാതോലിക്കാ ബാവായുടെ നേരിട്ടുള്ള നിയന്ത്രണത്തിലായിരുന്നു ഈ ഭദ്രാസനം. ഈ കാലയളവിൽ ബോംബെ ഭദ്രാസനത്തിന്റെ അഭിവന്ദ്യ കൂറിലോസ് തിരുമേനി ഭദ്രാസനത്തിന്റെ അധികചുമതല വഹിച്ചിരുന്നു. ഡോ. ജോസഫ് മാർ ദീവന്നാസിയോസ് തിരുമേനിയെ 2009 ഏപ്രിൽ മുതൽ കൽക്കത്താ ഭദ്രാസനത്തിന്റെ അധിപനായി, പരിശുദ്ധ ബാവാ നിയമിച്ചു. മികച്ച പ്രഭാഷകനും, എഴുത്തുകാരനും പരിസ്ഥിതി ദൈവശാസ്ത്രജ്ഞനും പണ്ഡിതനും ആയ അഭി. തിരുമേനിയുടെ ഇച്ഛാശക്തിയോടുകൂടിയ പ്രവർത്തനങ്ങൾ ഭദ്രാസനത്തിന് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യുന്നു. മലങ്കര സഭയ്ക്ക് ദേവാലയങ്ങൾ ഇല്ലാതിരുന്ന പല സ്ഥലങ്ങളിലും പുതിയ പള്ളികൾ സ്ഥാപിക്കുവാനും, ഭദ്രാസനത്തിന്റെ ഓഫീസ് സംവിധാനം ആധുനിക വൽക്കരി ക്കുവാനും, പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുവാനും ഉള്ള തീവ്രശ്രമങ്ങൾ ഭദ്രാസനനേതൃത്വം നടത്തിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള മിഷൻ വയലുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാ ക്കുവാനും, പുതിയ വയലുകൾ കണ്ടെത്തുവാനുള്ള തയ്യാറെടുപ്പിലാണ് ഭദ്രാസന നേതൃത്വം. ഒൻപത് സംസ്ഥാനങ്ങളിലായി സ്ഥിതി ചെയ്യപ്പെടുന്ന കൽക്കട്ടാ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ വളരെ ക്രമീകൃതമായി ഏകോപിച്ചു കൊണ്ടിരിക്കുകയാണ്. ഭദ്രാസനത്തിന്റെ ഔദ്യോഗിക വർത്താപത്രിക ഡയോസിസ് ദർപ്പൺ എന്ന മാസിക നവംബർ മുതൽ പ്രസിദ്ധീകരിച്ചു തുടങ്ങുകയാണ്. സെമിത്തേരി ഇല്ലാത്ത പള്ളികൾക്ക് സെമിത്തേരി ഉണ്ടാക്കുക, യുവജനങ്ങൾക്കു വേണ്ടി കൗൺസിലിംഗ് സെന്റർ സ്ഥാപിക്കുക, സഭയുടെ വിശ്വാസത്തിൽ നിന്ന് അന്യമായിക്കൊണ്ടിരിക്കുന്ന, യുവതീയുവാക്കൾക്ക് വിശ്വാസപ്രബോധനം നൽകുക, തുടങ്ങിയ പ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ അഭിവന്ദ്യ തിരുമേനി മുൻഗണന നൽകുന്നത്. ഒപ്പം ഭദ്രാസനത്തിന്റെ ചുമതലയിൽ അഭി. തേവോദോസിയോസ് തിരുമേനിയുടെ പവിത്രസ്മരണയ്ക്കായി ഒരു വിദ്യാഭ്യാസ സ്ഥാപനം (കോളജ്) തുടങ്ങുവാനുള്ള പ്രാഥമിക ചർച്ചകളും നടന്നു വരുന്നു. പാത്താമുട്ടം പള്ളിയോട് ചേർന്ന് സ്ഥിതി ചെയ്യുന്ന ഭിലായ് മിഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം പൂർത്തീകരണത്തോട് അടുക്കുന്നു. ചുരുക്കത്തിൽ ഭദ്രാസനപ്രവർത്തനങ്ങൾ സുശക്തവും ക്രമീകൃതമായി നടന്നു വരുന്ന പശ്ചത്തലത്തിൽ ഭദ്രാസനത്തിൽ നിന്നുള്ള രണ്ട് സഭാ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ആഗസ്റ്റ് മാസത്തിൽ കൂടിയ മാനേജിംഗ് കമ്മറ്റിയോഗത്തിന്റെ ഒടുവിൽ ഭദ്രാസനത്തിനും മെത്രാപ്പോലീ ത്താക്കും എതിരെ നടത്തിയ പരാമർശം അനവസരത്തിലുള്ളതും ഖേദകരവും ആണന്ന് പറയാതെ വയ്യ.

കൽക്കട്ടാ ഭദ്രാസന കൗൺസിലിൽ പ്രത്യേക ക്ഷണിതാക്കളാണ് ഭദ്രാസനത്തിൽ നിന്നുള്ള മാനേജിംഗ് കമ്മറ്റിയംഗങ്ങൾ. ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച്ടി അംഗങ്ങൾക്ക് അത്മാർത്ഥമായ അഭിപ്രായമോ, പരാതിയോ ഉണ്ടായിരുന്നുവെങ്കിൽ അത് ബന്ധപ്പെട്ട സമിതിയിൽ ഔദ്യോഗികമായോ, അനൗദ്യോഗികമായോ അവതരിപ്പിക്കുവാൻ ഇവർക്ക് കഴിയുമായിരുന്നു. എന്നാൽ ഈ സമിതിയിൽ അഭിപ്രായങ്ങൾ പറയാതെ, സഭാമാനേജിംഗ് കമ്മറ്റിയിൽ അനവസരത്തിൽ ഇത്തരം അഭിപ്രായ പ്രകടനം നടത്തിയത് സഭാഭരണഘടനക്കു വിരുദ്ധവും ദുരുദ്ദേശപരവുമാണ്. സഭാഭരണഘടന (ആർട്ടിക്കിൾ (9) പരാതികളും വിധികളും 118-ാം ഖണ്ഡിക) പ്രകാരം ഇത്തരത്തിലുള്ള പരാതി ഉണ്ടായാൽ അത് ചർച്ച ചെയ്യപ്പെടേണ്ടത് മാനേജിംഗ് കമ്മറ്റിയിലല്ല എന്നത് വ്യക്തമാണ്.

സഭാഭരണഘടനയ്ക്കും, കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായ ഒരു നടപടി ക്രമമായിരുന്നു ഇവരിൽ നിന്നും ഉണ്ടായത്. ഇതിൽ ഭദ്രാസന കൗൺസിലിനും ഭദ്രാസന നേതൃത്വത്തിലുള്ള ഖേദം സഭാതലവനെ രേഖാമൂലം അറിയിക്കുവാൻ കൗൺസിൽ നിർബന്ധിതരാവുകയായിരുന്നു. സഭയിലെ മെത്രാപ്പോലീ ത്താമാരും മാനേജിംഗ് കമ്മറ്റിയംഗങ്ങളും സന്നിഹിതരായിരുന്ന, സഭയുടെ ഏറ്റവും നിർണ്ണായകവും ആധികാരി കവുമായ സമിതിയിൽ ആക്ഷേപകരമായ പരാമർശങ്ങൾ അവതരിപ്പിച്ചതു സംബന്ധിച്ച് യഥാർത്ഥ സ്ഥിതി അറിയിക്കുവാനാണ് മാനേജിംഗ് കമ്മറ്റിയംഗങ്ങൾക്ക് പ്രമേയത്തിന്റെ കോപ്പി അയച്ചു കൊടുത്തത്. അല്ലാതെ ഇതിൽ മറ്റൊരു ദുരുദ്ദേശ്യവുമില്ല. ഭദ്രാസനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായിട്ടുള്ള നേതൃത്വത്തിന്റെ ഇടപെടലുകൾ ചില കേന്ദ്രങ്ങളിൽ അസ്വസ്ഥത സൃഷ്ടിച്ചിട്ടുണ്ട്. പല പരാതികളുടെയും ഉറവിടം ഈ അസ്വസ്ഥതയാണ്.

ലേഖനത്തിൽ പരാമർശിച്ചിരുന്ന മറ്റൊരു കാര്യം ഭിലായ് പള്ളിയും എം.ജി.എം. സ്കൂളും ആയി ബന്ധപ്പെട്ടതാണ്. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവാ, ബാഹ്യകേരള ഭദ്രാസനത്തിന്റെ ചുമതല വഹിച്ചിരുന്ന കാലത്തും (മാത്യൂസ് മാർ അത്താനാസ്യോസ്), അഭി. സ്തേഫാനോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ കാലത്തും ഭിലായ് പള്ളിയിൽ സമാനമായ സാഹചര്യങ്ങൾ നിലനിന്നിരുന്നു.

ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്ന മൂന്നാമത്തെ അക്ഷേപം ഒരു വൈദീകന്റെ സ്ഥലമാറ്റം സംബന്ധിച്ചാണ്. വൈദീകരുടെ സ്ഥലമാറ്റം മെത്രാപ്പോലീത്തായുടെ പൂർണ്ണ നിയന്ത്രണത്തിലാണ്. വൈദീകരുടെ കഴിവും, താല്പര്യവും മികവും പരിഗണിച്ച് അവരെ യുക്തമായ ചുമതലകൾ ഏല്പിക്കുക മെത്രാപ്പോലീത്തായുടെ കർത്തവ്യമാണ്. ഈ വൈദീകൻ, നിയമിച്ച ദേവാലയത്തിൽ പോവാതെ ആരാധന മുടങ്ങുന്ന സാഹചര്യം ഉണ്ടാക്കുകയും അവിടേക്ക് അഭിവന്ദ്യ തിരുമേനി മറ്റൊരു വൈദീകനെ നിയമിക്കുകയും ചെയ്തു. ഭദ്രാസനമെത്രാപ്പോലീത്തായ്ക്കെതിരെ പല കേന്ദ്രങ്ങളിലും ആക്ഷേപം ഉന്നയിച്ച ഈ വൈദീകനെ പൈതൃകമായ അധികാരത്തോടെ ഉപദേശിച്ച്, ഭദ്രാസനത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നിയമിച്ച് പ്രവർത്തനങ്ങളിൽ സഹകരിപ്പിക്കുകയാണുണ്ടായത്. ഭദ്രാസനത്തെ ആത്മാർത്ഥമായി സ്നേഹിക്കുന്ന മാനേജിംഗ് കമ്മറ്റിയംഗങ്ങൾ കൗൺസിലിനോട് സഹകരിച്ച് അഭിവന്ദ്യ ഭദ്രാസന മെത്രാപ്പോലീത്തയോടൊപ്പം ഒറ്റക്കെട്ടായി ദൈവം നമ്മെ ഏൽപിച്ച ഉത്തരവാദിത്തങ്ങളോട് നീതി പുലർത്തണണെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

# ന്യായമായവിമർശനത്തിന് അതീതരല്ല ആരും

കെ.എം.പീറ്റർ മട്ടയ്ക്കൽ, ബാംഗ്ലൂർ

ഭദ്രാസനത്തിൽനിന്നും മാനേജിംഗ് കമ്മിറ്റിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നവർ അവരവരുടെ ഭദ്രാസനങ്ങളിലെ പ്രശ്നങ്ങളും പോരായ്മകളും സഭയിലെ പരമോന്നത പാർലമെന്റിൽ അവതരിപ്പിച്ചു ചർച്ച ചെയ്തു വേണ്ട തീരുമാനങ്ങൾ എടുപ്പിക്കാനുള്ളവരാണ്. ഡയോസിസിൽ പ്രധാന പ്രശ്നങ്ങളുണ്ടെങ്കിൽ ആ വകകൾ ആദ്യം ഭദ്രാസനാധിപന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടു പിന്നെ വേണമെന്നു തോന്നുന്നുവെങ്കിൽ മലങ്കര മാനേജിംഗ് കമ്മിറ്റിയിൽ കൊണ്ടുവരികയായിരിക്കും യോഗ്യത. ഭരണഘടനയ്ക്കു വിധേയമായി ചർച്ച ചെയ്തു തീരുമാനമെടുക്കാൻ മാനേജിംഗ് കമ്മിറ്റിക്കു പൂർണ്ണ അധികാരമുണ്ട്. ഇപ്രകാരം പ്രശ്നങ്ങൾ അവതരിപ്പിക്കുന്നുവെങ്കിൽ അവകളുമായി ബന്ധപ്പെട്ടവർക്കു രസിക്കത്തില്ല എന്നതു വാസ്തവമാണ്. പക്ഷേ ബന്ധപ്പെട്ട അധികാരികളെ അവഹേളിച്ചതായി ഇതിനെ കരുതരുത്.

മാനേജിംഗ് കമ്മിറ്റി എപ്പിസ്കോപ്പൽ സുന്നഹദോസിലെ എല്ലാ അംഗങ്ങളും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട വൈദികരും, അത്മായ പ്രതിനിധികളും നോമിനേറ്റഡ് അംഗങ്ങളും ചേർന്നതാണ്. ഏതെങ്കിലും അൺപാർലമെന്ററി കാര്യങ്ങൾ കൊണ്ടുവന്നാൽ അനാവശ്യ ചർച്ച നടത്താൻ സഭയുടെ ഈ പരമോന്നത സമിതി അനുവദിക്കത്തില്ല. ഉന്നയിക്കുന്നവരെ വേണമെങ്കിൽ ഇരുത്തുകതന്നെ ചെയ്യും. ആ പ്രശ്നങ്ങൾ മാനേജിംഗ് കമ്മിറ്റിയിൽ കൽക്കട്ടാ ഭദ്രാസനാധിപനും കൂടിയുണ്ടായിരുന്നെങ്കിൽ കൽക്കട്ടാ ഭദ്രാസന പ്രതിനിധികളായ രണ്ടു കമ്മിറ്റി അംഗങ്ങൾ അവതരിപ്പിച്ചതു അത്ര ശിക്ഷാർഹമായ കാര്യങ്ങളായി പരിഗണിക്കണോ എന്നു മലങ്കരസഭാമക്കൾക്കും തോന്നുന്നില്ല.

ശ്രേഷ്ഠ നിയുക്ത ബാവായ്ക്കുള്ള കഴിഞ്ഞ പ്രാവശ്യത്തെ തെരഞ്ഞെടുപ്പു കാലത്തു അന്നത്തെ കൽക്കട്ടാ ഭദ്രാസനാധിപനായിരുന്ന യശശരീരമായ തേവോദോസിയോസ് തിരുമേനി, അന്നു നിശ്ചയിച്ചിരുന്ന മാനദണ്ഡത്തിനനുസരിച്ചു (പ്രായത്തിൽ) യോഗ്യനല്ല എന്നു പ്രസിദ്ധീകരിക്കപ്പെട്ട ഒരു ലേഖനത്തിനെതിരെ കൽക്കട്ടാ ഭദ്രാസനത്തിലെ ഒരു സീനിയറായ വൈദികൻ ആ ലേഖകൻ തിരുമേനിയെ താഴ്ത്തികെട്ടാൻ ശ്രമിച്ചു എന്നു കാണിച്ചുകൊണ്ടുള്ള ഒരു രൂക്ഷ പ്രതികരണ ലേഖനം പ്രസിദ്ധീകരിച്ചതും ഇത്തരുണത്തിൽ ഓർത്തുപോകുന്നു.

സഭയിലെ നിസ്സാര കാര്യങ്ങളെ പർവ്വതീകരിച്ചുകൊണ്ടുള്ള നമ്മുടെ സമീപനമാണ് ഇപ്പോൾ നിലനിൽക്കുന്ന പല കേസ്സിനും അസംതൃപ്തിക്കും പൊട്ടിത്തെറിക്കും പ്രധാന കാരണമെന്നു നാം മറക്കരുത്. സഭയ്ക്ക് വലിയ പോലീസ് അധികാരമൊന്നുമില്ല. എങ്കിലും അതതു കാലത്തെ നിയമത്തിനും നീതിക്കും കീഴടങ്ങി സ്നേഹത്തിലും സൗഹാർദ്ദതയിലും ക്ഷമിച്ചും സഹിച്ചും പോകുവാൻ ഇടയരും കുഞ്ഞാടുകളും തയ്യാറാകണം. പുതിയ ബാവാ തിരുമേനി നമ്മെ നല്ല പുൽമേടുകളിലേക്കും സ്വച്ഛതയുള്ള വെള്ളത്തിനരികിലേക്കും നയിക്കാൻ ജഗംനിയന്താവു അദ്ദേഹത്തെ പ്രാപ്തനാക്കട്ടെ എന്നു സാം കാരുവേലിയോടു ചേർന്നു ഞങ്ങളും ആശംസിക്കുന്നു.

# പൗലോസ് ദ്വിതീയൻ .......അഭിഷിക്തനായി

രുന്നവരെല്ലാം ഓക്സിയോസ് മൂന്നുപ്രാവശ്യം ഏറ്റുചൊല്ലി. തുടർന്ന് സിംഹാസനത്തിൽ ഇരുന്ന് തന്നെ പ.കാതോലിക്കാ ബാവാ ഏവൻഗേലിയോൻ വായിക്കുകയും വടിയും സ്ലീബായും ഉയർത്തി വിശ്വാസികളെ ആശീർവദിക്കുകയും ചെയ്തു. കുർബ്ബാനയുടെ ശേഷിച്ച ഭാഗം പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ചൊല്ലി പൂർത്തീകരിച്ചു.

തുടർന്ന് സ്ഥാനമൊഴിഞ്ഞ പ.കാതോലിക്കാ ബാവായും മെത്രാപ്പോലീത്തന്മാരും വിവിധ സഭാസ്ഥാനികളും ഇതര സഭാനേതാക്കന്മാരും പ.കാതോലിക്കാ ബാവായെ ഹാരമണിയിക്കുകയും അനുമോദിക്കുകയും ചെയ്തു.

മന:ശാസ്ത്ര പംക്തി

# മാതാപിതാക്കൾ അറിയാൻ

ഫാ.തോമസ് ചകിരിയിൽ പിറവം, ഫോൺ : 0485-2265237, 9447183445

## ദുരന്തങ്ങളിലേയ്ക്ക് ഒരു മിസ്ഡ് കോൾ കഴിഞ്ഞലക്കം തുടർച്ച

1. നന്നായി പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികൾ പഠനത്തിൽ അശ്രദ്ധ കാണിക്കുകയാണെങ്കിൽ ശ്രദ്ധിക്കണം.

2. കുട്ടികളുടെ സ്വകാര്യതയെ മുറിപ്പെടുത്താതെ തന്നെ മുറികളും, ബാഗുകളും പരിശോധിക്കാൻ മാതാപിതാക്കൾ തയ്യാറാവണം. കാരണം പ്രശ്നങ്ങളുടെ അവസാനമാണ് മൊബൈൽ ഫോൺ ആണ് വില്ലൻ എന്ന് തിരിച്ചറിയുന്നത്.

3. അസാധാരണമായ ഉറക്കക്ഷീണം, ശ്രദ്ധക്കുറവ്, മറ്റൊന്നിലും താല്പ്യമില്ലായ്മ, വിരഹവേദന അനുഭവിക്കുന്നതുപോലുള്ള ആലോചന തുടങ്ങിയവ കുട്ടികൾ പ്രകടിപ്പിക്കുകയാണെങ്കിൽ ശ്രദ്ധ വേണം.

4. നിസാര കാര്യങ്ങൾക്ക് കുട്ടികൾ കൂടുതൽ ദേഷ്യം കാണിക്കാറുണ്ടോ? ഉണ്ടെങ്കിൽ ശ്രദ്ധിക്കുക. അവരെ അസ്വസ്ഥരാക്കുന്നതെന്ത് എന്ന് അന്വേഷിക്കണം.

5. എന്റെ കുട്ടി അങ്ങനെയുള്ള അപകടങ്ങളിലൊന്നും ചാടുന്ന കൂട്ടത്തിലല്ല എന്നൊരു മുൻധാരണ മാതാപിതാക്കൾക്കു പാടില്ല. ആർക്കും ഏതു നിമിഷവും സംഭവിക്കാവുന്നതാണിത്.

6. കൂട്ടുകാർ മൊബൈൽ ഫോൺ ഉപയോഗിക്കുന്നുണ്ടെന്ന് പരാതി പറയുമ്പോൾ പഠിക്കുന്ന കുട്ടിയ്ക്ക് മൊബൈൽ ഫോൺ ഉണ്ടാക്കുന്ന അപകടങ്ങൾ അവരെ ബോധ്യപ്പെടുത്തുക.

7. കുട്ടികൾ ഏതൊരു പ്രശ്നത്തിലും കുരുങ്ങി എന്നു തോന്നുകയാണെങ്കിൽ ഒരു കൗൺസിലറുടെയോ മന:ശാസ്ത്രജ്ഞന്റെയോ ഉപദേശം തേടുക.

8. കുട്ടികളുടെ മൊബൈൽഫോൺ ഉപയോഗം കർശനമായി നിരീക്ഷിക്കുക.

9. കുട്ടികളുമായി വൈകാരിക അടുപ്പം മാതാപിതാക്കൾ സൂക്ഷിക്കണം. രണ്ടുപേർക്കും സാധിക്കുന്നില്ലെങ്കിൽ ഒരാൾക്ക് കുട്ടികളുമായി നല്ല ആശയവിനിമയം വേണം. അതില്ലെങ്കിൽ ചില കാര്യങ്ങൾ തുറന്നുപറയാൻ കുട്ടികൾ സൗഹൃദങ്ങൾ തേടിപ്പോകും.

10. സ്കൂൾ അദ്ധ്യാപകർ കുട്ടികളുടെ ബാഗ് പരിശോധിക്കുന്ന രീതി വ്യാപിപ്പിക്കുക. ഇതുമൂലം സ്കൂളുകളിലെ മൊബൈൽ ദുരുപയോഗം കുറയ്ക്കാൻ കഴിയും.

11. കുട്ടികളുടെ സുഹൃത്തുക്കൾ ആരെക്കെയെന്നതിനെക്കുറിച്ച് മാതാപിതാക്കൾക്ക് ഒരു ധാരണ വേണം. അപരിചിതരായ സുഹൃത്തുക്കളുണ്ടെങ്കിൽ സൂക്ഷിക്കണം.

12. മൊബൈൽ നംമ്പർ വളരെ സ്വകാര്യമായി സൂക്ഷിക്കാൻ കുട്ടികളെ ഉപദേശിക്കുക. അത്യാവശ്യം വേണ്ട സന്ദർഭങ്ങളിൽ മാത്രം നംമ്പർ കൊടുക്കുകയും, ബോധ്യപ്പെട്ടശേഷം മാത്രം സഹപാഠികളെപ്പോലും വിശ്വസിക്കാവൂ എന്ന് നിർദ്ദേശിക്കുക.

# ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

## ധ്യാനപീഠം

ഫാ.സൈമൺ ലൂക്കോസ്

### നവംബർ 21, വി.ലൂക്കോ 1:26–38

അനേക പ്രവാചകന്മാരും യിസ്രായേൽ മക്കളും ആഗ്രഹിച്ചിരുന്നതും അവർ കേൾക്കുവാൻ ഉത്സാഹിച്ചിരുന്നതുമായ സുവാർത്തയാണ് കന്യകമറിയാമിനോട് ദൈവദൂതൻ അരുൾചെയ്യുന്നത്. യുഗങ്ങളുടെ കാത്തിരിപ്പിൽ മനുഷ്യസമൂഹത്തോടുള്ള മഹത്തായ സന്ദേശവുമാണിത്. ദൈവപുത്രനായ വചനമാം ദൈവത്തിന് മനുഷ്യനായി പിറക്കുവാനുള്ള മാനുഷിക പാത്രത്തെ ദൈവം കണ്ടെത്തിയത് നസറേത്തിലെ മറിയാമെന്ന കന്യകയെയാണ്. അളവില്ലാത്ത ദൈവത്തിന്റെ കരുതലും സ്നേഹവുമാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം. ദൈവത്തിന്റെ തീരുമാനമായിട്ടാണ് ദൂതനെ കന്യകമറിയാമിന്റെ അടുക്കലേക്ക് അയക്കുന്നത്. അതിന്റെ പിന്നിലുള്ള കഷ്ടതയും ത്യാഗവും ഏറ്റെടുക്കുവാൻ കന്യകമറിയാമിന്റെ തീരുമാനവും സമർപ്പണവും ആവശ്യമായിരുന്നു. ദൈവത്തിന്റെ രക്ഷാപദ്ധതിക്ക് കന്യകമറിയാം തന്നെ വിധേയപ്പെടുന്നതിൽ ദൈവത്തിലുള്ള വിശ്വാസ്യതയും ആരാധനയും സമർപ്പണവും എല്ലാം അതിന്റെ പൂർണ്ണതയിലുണ്ട്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട മാനുഷിക കൂടാരമായി കന്യകാമറിയം തീർന്നതുപോലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവരാണ് നാമെല്ലാവരും. ദൈവത്തോടുള്ള അനുസരണക്കേടുമൂലം പാപത്തിനും സാത്താനും അടിമകളായിത്തീർന്ന് ദൈവത്തിൽനിന്ന് അകന്നുപോയ മനുഷ്യകുലത്തെ വീണ്ടെടുക്കുവാനാണ് യേശുക്രിസ്തുവിന്റെ മനുഷ്യാവതാരം. പ.കന്യകമറിയാമിൽ വചനമാം ദൈവത്തിന്റെ അധിവാസം മൂലമാണ്, സഭാപിതാക്കന്മാർ കന്യകമറിയാമിനെ വിശുദ്ധിയുടെ നിറകുടവും ദേവാലയത്തിന്റെ പ്രതീകമായും സ്വർഗ്ഗീയ ഗോവണിയായും ചിത്രീകരിക്കുന്നത്.

ദൈവകൃപ പ്രാപിക്കുവാനും അതിൽ നിറയുവാനും കന്യകമറിയാമിന് സാധ്യമായതുപോലെ നമ്മുടെ മനുഷ്യജീവിതത്തിലും ദൈവകൃപ പ്രാപിക്കുവാനും നല്ല സംബോധന കേൾക്കുവാനും കഴിയേണ്ടിയിരിക്കുന്നു. തിരുജനനം എങ്ങനെയാണ് നമ്മിൽ സാധ്യമാകുന്നതെന്ന കന്യകമറിയാമിന്റെ സംശയം ദൈവദൂതൻ മാറ്റുന്നു. ചെങ്കടലിൽ ലക്ഷോപലക്ഷത്തിന് ഉണങ്ങിയ പാത നിരത്തിയവൻ, മരുഭൂമിയിൽ നദിയെ ഉത്ഭവിപ്പിച്ച് യിസ്രായേൽ മക്കളെ പാനം ചെയ്യിച്ചവനായ ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല.

അസാദ്ധ്യതകൾക്ക് മുന്നിൽ ദാവീദ് പറയുന്നത് എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിനുനേരെ പാഞ്ഞുചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കുമെന്നാണ് (സങ്കീ.18:28,29). ദൈവത്തിന്റെ കൃപയും ഇടപെടലും ആഗ്രഹിക്കുന്ന നമുക്കും ഇളകാത്ത വിശ്വാസത്തോടും സമ്പൂർണ്ണ സമർപ്പണത്തോടും കൂടി ഉറച്ചുനിന്ന് അനുഗ്രഹീതരായി തീരുവാൻ കഴിയും. ദൈവം നൽകിയിരിക്കുന്ന അവസരങ്ങളും താലന്തുകളും ദൈവകൃപയാൽ നിറയുവാനുള്ള മുഖാന്തിരങ്ങളായിത്തീരണം. ഇതാ ഞാൻ കർത്താവിന്റെ ദാസി എന്ന് ദൈവഹിതത്തിന് സമർപ്പിച്ചപ്പോൾ ദൈവത്തോടുള്ള അനുസരണത്തിന്റെയും സമർപ്പണത്തിന്റെയും ഉത്തമ മാതൃകയായി കന്യകമറിയം തീർന്നു. അതുകൊണ്ട് ആരും അനുസരണക്കേടിന്റെ സമദൃഷ്ടാന്തത്തിനൊത്തവണ്ണം വീഴാതിരിക്കേണ്ടതിന് നാം ആ സ്വസ്ഥതയിൽ പ്രവേശിക്കുവാൻ ഉത്സാഹിക്ക (എബ്രാ.4:11). ദൈവഹിതം നിറവേറ്റുവാൻ കന്യകമറിയം തന്നെത്തന്നെ താഴ്ത്തി സമർപ്പിക്കുന്നതുപോലെ കുടുംബത്തിലും സഭയിലും സമൂഹത്തിലും ദൈവഹിതവും നന്മയും നാം ലക്ഷ്യമാക്കുമ്പോൾ സന്തോഷവും സമാധാനവും നിത്യമായി ലഭിക്കും.

ക്രിസ്തീയ ജീവിതത്തിലെ കഷ്ടതയുടെ ശോധനകൾ ദൈവാശ്രയത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതുപോലെ കഷ്ടതയുടെ ആരവം കന്യകമറിയാമിന്റെ ജീവിതത്തിന്റെ അവസാനം വരെ തുടർന്നു.

### എലിശ്ബായുടെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച, വി.ലൂക്കോ.39:56

ദൈവത്താൽ അനുഗ്രഹീതരായ, ദൈവകൃപ പ്രാപിച്ച രണ്ടു വനിതാരത്നങ്ങളുടെ സംഗമം. കർത്താവിന് മാതാവായി തീരുവാൻ ഭാഗ്യം സിദ്ധിച്ച പ.കന്യകമറിയാമിന്റെയും യേശുക്രിസ്തുവിന് പാതയൊരുക്കിയ യോഹന്നാൻ സ്നാപകന്റെ മാതാവായ എലിശ്ബായുടെയും സംഗമത്തിൽ ഹൃദയം നിറഞ്ഞ ഒരു സ്തോത്രഗീതമാണ് ഒഴുകിവരുന്നത്. ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും ലഭിച്ച കന്യകമറിയാമിന്റെയും എലിശ്ബായുടെയും സംഗമം പോലെ നമ്മുടെ കൂടിക്കാഴ്ചയും സ്തുതിയുടെയും നല്ല സാക്ഷ്യത്തിന്റേതുമായിതീരണം. ദിവസങ്ങൾ കടന്ന് ദീർഘദൂരം സഞ്ചരിച്ച് കന്യകാമറിയം തന്റെ ചാർച്ചക്കാരികൂടിയായ എലിശ്ബായെ സന്ദർശിക്കുന്നതിന് തനിക്ക് ലഭിച്ച ദൈവകൃപ പങ്കുവെയ്ക്കുവാനും വാർദ്ധക്യകാലത്ത് ഗർഭവതിയായിരിക്കുന്ന എലിശ്ബായ്ക്ക് സഹായത്തിന്റെയും ശുശ്രൂഷയുടെയും കരം നീട്ടുവാനുമായിട്ടാണ്. മനുഷ്യജീവിതത്തിൽ സന്തോഷം വർദ്ധിപ്പിക്കുന്നതുപോലെ ഹൃദയഭാരങ്ങളും വർദ്ധിക്കുന്ന സമൂഹത്തിൽ ഒരു യഥാർത്ഥ പങ്കിടീലിന്റെ ആശ്വാസവും സമാധാനവും ലഭിക്കും.

മാതൃഉദരത്തിൽ വച്ച് യേശുക്രിസ്തുവിന്റെയും യോഹന്നാൻ സ്നാപകന്റെയും കൂടിക്കാഴ്ച കൂടി നടക്കുന്നതായി നാം കാണുന്നു. ലോകരക്ഷകനായി കന്യകമറിയാമിൽ ഉരുവായ യേശുക്രിസ്തുവിന്റെ സാന്നിദ്ധ്യം പരിശുദ്ധാത്മ നിറവിന്റെയും സന്തോഷത്തിന്റെയും നിമിഷങ്ങളായി നാം കാണുന്നു. നീയല്ലോ ദൈവമേ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ച് എന്റെ മാതാവിന്റെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു (സങ്കീ.139:13,14). മാതാവിന്റെ ഉദരം മുതൽ ദൈവകൃപയനുഭവിച്ച് വളരുന്നതുകൊണ്ടാണ് ചെറുപ്പത്തിൽതന്നെ സ്നാനത്തിലൂടെ ദൈവത്തോടും സഭയോടും നാം ഒട്ടിച്ചേർക്കപ്പെടുന്നത്. കന്യകമറിയാമിന്റെ ഉദരത്തിലെ വചനമാം ദൈവത്തിന്റെ സാന്നിദ്ധ്യം ഗർഭസ്ഥനായ യോഹന്നാനെ ചലിപ്പിക്കുന്നത് വി.മാമോദീസായിലും മറ്റ് എല്ലാ കൂദാശയിലും ശുശ്രൂഷകളിലും കൂടി ശിശുക്കൾക്കും ഓരോ ദൈവമക്കൾക്കും ലഭിക്കുന്ന ദൈവകൃപയും പരിശുദ്ധാത്മാവിന്റെ നൽവരവുമാണ് തെളിയിക്കുന്നത്.

എന്റെ കർത്താവിന്റെ മാതാവെന്ന് സക്കറിയാ പുരോഹിതന്റെ ഭാര്യയായ വന്ദ്യവയോധികനായ എലിശബേത്ത് പരിശുദ്ധാത്മ നിറവിൽ സംബോധന ചെയ്യുമ്പോൾ പരിശുദ്ധാത്മ നിറവിലാണ് ഇന്നുമുതൽ എല്ലാ തലമുറകളും എന്നെ ഭാഗ്യവതിയെന്ന് വാഴ്ത്തുമെന്ന് കന്യകമറിയാം സാക്ഷിക്കുന്നത്. എളിയവരിൽ വൻകാര്യങ്ങൾ പ്രവർത്തിക്കുവാൻ ദൈവം ശക്തനും തലമുറകളിലേക്ക് തന്നെ കരുണ വർഷിക്കുന്നവനുമാണെന്ന കന്യകമറിയാമിന്റെ പ്രവചനം ദൈവമക്കളായ ഏവരുടേയും ജീവിതത്തിൽ അന്വർത്ഥമാണ്. നമ്മുടെ താഴ്ചയിൽ നമ്മെ ഓർത്തവന് അവന്റെ ദയ എന്നേയ്ക്കുമുള്ളത് (സങ്കീ.136:23) എന്ന് സങ്കീർത്തനക്കാരൻ പറയുന്നതുപോലെ തന്റെ ഭക്തരെ താഴ്ചയിൽനിന്ന് ഉയർത്തുന്നവനാണെന്ന് കന്യകമറിയാം പറയുന്നു. കന്യകമറിയാമിന്റെ സ്തുതിഗാനത്തിൽ ദൈവം കരുണ ചെയ്ത് യിസ്രായേലിനെ സഹായിച്ചുവെന്ന് ഓർക്കുന്നു. ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും തുണയായിരിക്കുന്ന മ്മുടെ കർത്താവിന്റെ കരത്തെ നമുക്കോർക്കാം. അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുമുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക (എബ്രാ.4:16).

ഈ സുദിനത്തെ വനിതാദിനമായി സഭ ആഘോഷിക്കുന്നു. ദൈവകൃപ അനുഭവിച്ച് അത് തലമുറകളിലൂടെ ഒഴുക്കി കൊടുക്കുവാൻ ഭാഗ്യം സിദ്ധിച്ചവരാണ് വനിതകൾ. മനുഷ്യസമൂഹത്തിന്റെ ജീവന്റെ തുടിപ്പ് സ്ത്രീകളിലൂടെയാകയാൽ അവരുടെ ശ്രേഷ്ഠത മനസ്സിലാക്കി ദൈവത്തോട് ചേർന്ന് സമൂഹത്തെ ആകമാനം ഉന്നതിയിലേക്ക് വരുത്തുവാൻ കഴിയേണ്ടിയിരിക്കുന്നു. കന്യകമറിയാം എസിശബത്തിന്റെ ഭവനത്തിൽ മൂന്നുമാസം താമസിച്ചുവെന്നത് ഒരു ശുശ്രൂഷയുടെയും സേവനത്തിന്റേതുമായ നിലയിലെങ്കിൽ നമുക്കും ലഭിക്കുന്ന സന്ദർഭങ്ങളിൽ സഹായത്തിന്റെയും ശുശ്രൂഷയുടെയും പന്ഥാവിലൂടെ യേശുക്രിസ്തുവിനെ പ്രസാദിപ്പിക്കാൻ കഴിയും.

### യോഹന്നാൻ മാംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച

### ശിശുദിനം, വി.ലൂക്കോ.1:57–80

യോഹന്നാൻ മാംദാനയുടെ ജനനംമൂലം യഹൂദാദേശം മുഴുവൻ സന്തോഷിക്കുന്നു. ദുഃഖത്തിലും നിരാശ്രയത്തിലും കൂടി കടന്നു പോയിരുന്ന കുടുംബത്തെ സന്തോഷത്തിലേക്ക് ദൈവം ഉയർത്തുന്നു. ദൈവ കരുണയായി, ദൈവദാനമായി പിറന്നവനെന്നാണ് യോഹന്നാൻ എന്ന വാക്കിന്റെ അർത്ഥം. ദൈവത്തിന്റെ അളവില്ലാത്ത കരുണയും സ്വർഗ്ഗീയ ദാനവും നിറഞ്ഞുകവിയുന്ന പുതിയ ഉടമ്പടിയുടെ തലത്തിലേക്ക് യോഹന്നാന്റെ ജനനത്തോടെ തുടക്കം കുറിക്കുന്നു. അനുതാപത്തിലൂടെയും മാനസാന്തരത്തിലൂടെയും ദൈവ കരുണയിലേക്ക് അനേകരെ നേടിയെടുത്ത യോഹന്നാൻ സ്നാപകൻ ഇന്നും മനുഷ്യവർഗ്ഗത്തിന്റെ ശരിയായ പാതയുടെ മകുടോദാഹരണമാണ്.

യോഹന്നാൻ സ്നാപകന്റെ ജനനത്തിലൂടെ എല്ലാവരും സന്തോഷിച്ചതുപോലെ വഴിതെറ്റിയവരുടെ തിരിച്ചുവരവിലൂടെ സ്വർഗ്ഗം സന്തോഷിച്ചു. സഖറിയാ പുരോഹിതന്റെ ബന്ധനങ്ങൾ നീങ്ങി, എലിശ്ബായുടെ സമൂഹത്തിലെ നിന്ദ മാറി. ഓരോ കുഞ്ഞിന്റെയും ജനനം മൂലം ഭവനങ്ങളിലെ പലവിധമായ ബന്ധനങ്ങൾ നീങ്ങുവാനും ഉന്നതിയിലേക്ക് വരുവാനും കഴിയേണ്ടിയിരിക്കുന്നു. അവർ വൃഥാ അദ്ധ്വാനിക്കുകയില്ല. ആപത്തിനായിട്ട് പ്രസവിക്കുകയില്ല. അവർ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവരുടെ സന്തതിയല്ലോ. അവരുടെ സന്താനം അവരോടുകൂടെ ഇരിക്കും. അവർ വിളിക്കുന്നതിനുമുമ്പെ ഞാൻ ഉത്തരം അരുളും. അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ ഞാൻ കേൾക്കും (യെശ.65:23,24).

യോഹന്നാന്റെ ജനനത്തിൽ ദേശക്കാരും അയൽക്കാരും സന്തോഷിക്കുന്നു. അയൽബന്ധങ്ങളും മനുഷ്യബന്ധങ്ങളും കുറയുന്ന കാലഘട്ടത്തിൽ മറ്റുള്ളവരുടെ ദുഃഖത്തിലും സന്തോഷത്തിലും പങ്കുചേരുവാൻ കഴിയുന്നത് ദൈവീക ദൗത്യമാണ്. ഏറ്റവും ശ്രേഷ്ഠവും മഹാനുമാണ് യോഹന്നാൻ സ്നാപകനെന്ന് കർത്താവ് വിശേഷിപ്പിക്കുന്നത് യോഹന്നാൻ സ്നാപകന്റെ ജീവിതവും സന്ദേശവുമായിരുന്നു. യോഹന്നാൻ സ്നാപകന്റെ ജീവിതവിജയത്തിനു കാരണം കർത്താവിന്റെ കരങ്ങൾ യോഹന്നാനോടുകൂടെ ഉണ്ടായിരുന്നു. ദൈവകരങ്ങളിൽ കുഞ്ഞുങ്ങൾ ഇരിക്കണം.

യോഹന്നാനെ ലഭിച്ചതിൽ പിതാവായ സഖറിയാ ദൈവത്തെ സ്തുതിക്കുന്നു. യിസ്രായേൽ സമൂഹത്തിന് ലഭ്യമാകുവാൻ പോകുന്ന നന്മയെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ദൈവം നമ്മുടെ ജീവിതത്തിൽ പകർന്നുതരുന്ന അനുഗ്രഹങ്ങളെ ഓർക്കുമ്പോൾ ദൈവത്തിന് സ്തുതി അർപ്പിക്കുന്ന അധരവും നന്ദിയുള്ള ഹൃദയവും ആവശ്യമാണ്.

യോഹന്നാൻ സ്നാപകന്റെ ജനനപ്പെരുന്നാളിനെ ശിശുദിനമായി സഭ ആഘോഷിക്കുമ്പോൾ ഓരോ പൈതലും ദൈവത്താൽ അയക്കപ്പെടുന്ന ദൈവരാജ്യ വക്താക്കളാണെന്ന ബോധം നമുക്കുണ്ടാകണം. ശിശുക്കൾക്ക് മാതൃകകളായി മാതാപിതാക്കളുടെ കുടുംബജീവിതവും സാമൂഹ്യജീവിതവും നയിക്കപ്പെടുകയാണെങ്കിൽ മൂല്യാധിഷ്ഠിത ജീവിതം വളരുന്ന തലമുറയ്ക്കും ഉണ്ടാകും. ഇന്ന് ചെറുപ്പത്തിൽതന്നെ ലക്ഷ്യബോധം നഷ്ടമാകുന്ന തലമുറകൾ മനുഷ്യസമൂഹത്തിന്റെ നിലനിൽപ്പിനുതന്നെ ഭീഷണിയാണ്. കുഞ്ഞുങ്ങളുടെ സമഗ്രവളർച്ചയും കൗദാശിക ജീവിതവും നാം ലക്ഷ്യമാക്കണം. സഖറിയാ പുരോഹിതന്റെ പ്രവാചക വാക്യങ്ങളിൽ സമാധാന വഴികളിൽ ചരിക്കുവാൻ ദൈവം നമ്മെ സന്ദർശിച്ചിരിക്കുന്നുവെന്ന് പറയുന്നു. അസമാധാനത്തിന്റെ തായ്‌വേരുകൾ മനുഷ്യന്റെ ചിന്തകളിൽനിന്നും പ്രവർത്തന മേഖലകളിൽനിന്നും നിഷ്കാസനം ചെയ്തുവെങ്കിൽ മാത്രമേ ഞെരുക്കം കൂടാതെയും സ്വസ്ഥമായും മനുഷ്യസമൂഹം മുന്നേറുകയുള്ളു.

## പൗലോസ് ദ്വിതീയൻ എന്ന പേരു നൽകിയത് .... പേജ് 1–ൽനിന്ന്

–ൽ വാഴിക്കപ്പെട്ട പൗലോസ് മാർ ഫീലക്സിനോസ് കാതോലിക്കായ്ക്ക് പൗലോസ് രണ്ടാമൻ എന്ന പേരു നൽകിയതെന്നാണ് പാത്രിയർക്കീസ് കക്ഷിയുടെ ഭാക്ഷ്യം.

ഇപ്പോഴത്തെ കാതോലിക്കായ്ക്ക് പൗലോസ് മൂന്നാമൻ എന്നു പേരുനൽകിയാൽ പൗലോസ് രണ്ടാമൻ എന്ന നിലയിൽ പൗലോസ് ഫീലക്സിനോസ് ബാവായെ അംഗീകരിച്ചു എന്നുവരില്ലേ എന്നു ചോദിക്കുന്നവരുമുണ്ട്. വേണ്ട ചരിത്രബോധമില്ലാത്തതുകൊണ്ട് സ്വാഭാവികമായും ഉണ്ടാകുന്ന ഒരു സംശയമാണത്.

പ.അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിൻകീഴിൽ ഉൾഭരണസ്വാതന്ത്ര്യമുള്ള സ്വതന്ത്രമായ ഒരു സഭാദ്ധ്യക്ഷസ്ഥാനം (മഫ്രിയാനാസ്ഥാനം) ഉണ്ടാകണമെന്നു മാത്രമേ 1912 –ൽ ആഗ്രഹിച്ചിരുന്നുള്ളു. അതകൊണ്ട് ഇന്ത്യയിലെ പ്രഥമ മഫ്രിയാനാ എന്ന നിലയിൽ പൗലോസ് പ്രഥമൻ എന്ന സ്ഥാനനാമം നൽകി. മലങ്കരയിലെ മഫ്രിയാനാസ്ഥാനം പേർഷ്യൻ മഫ്രിയാനായുടെ പിന്തുടർച്ചയാണ് 91–ാമത്തെ സ്ഥാനമാണ് എന്നൊക്കെ പറയുമ്പോൾ പൗലോസ് ദ്വിതീയനാണോ തൃതീയനാണോ എന്ന സംശയം സ്വാഭാവികമായും ഉണ്ടാകും.

ഇതിനേക്കാൾ രസകരമായ വേറൊരു വസ്തുത കൂടിയുണ്ട്. മഫ്രിയാനാസ്ഥാനം പേർഷ്യയിലെ കാതോലിക്കാസ്ഥാനത്തിന്റെ പിന്തുടർച്ചയാണെന്നാണല്ലോ അവകാശവാദം. 628നു മുമ്പ് മഫ്രിയാനാസ്ഥാനം ഉണ്ടാകുന്നതിനു മുമ്പുള്ള കാതോലിക്കാമാരുടെ സംഖ്യകൂടി എണ്ണിയാണ് ഇപ്പോഴത്തെ കാതോലിക്കാ 91–ാമത്തെ ആളെന്നു പറയുന്നത്. അങ്ങനെ എണ്ണുമ്പോൾ (ക്രോണോളജി ഉണ്ടാക്കുമ്പോൾ) ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു പൗലോസ് കാതോലിക്കായെ വിസ്മരിക്കാൻ സാദ്ധ്യമല്ല. പൗലോസ് കാതോലിക്കായുടെ ഭരണം പരാമർശിച്ചിട്ടുള്ള (പേർഷ്യയിലെ കാതോലിക്കാമാരുടെ ചരിത്രം പരാമർശിക്കുന്നിടത്ത്) ബാർ എബ്രായയുടെ ചരിത്രം ഇങ്ങനെയാണ്.

**“ശീലാസ് കാതോലിക്കോസ്**

അഞ്ചുവർഷം ഉദ്യോഗത്തിൽ കഴിഞ്ഞിട്ട് ബാബി മരിച്ചു. ശീലാസ് അദ്ദേഹത്തിന്റെ പിൻഗാമിയായി. ശേൽസാ എന്നതിൽനിന്ന് ഉണ്ടായ ഒരു എബ്രായ നാമമാണ് ശീലാസ് എന്നത്. അദ്ദേഹത്തിന് ഭാര്യയും പുത്രന്മാരും പുത്രിമാരും ഉണ്ടായിരുന്നു. അയാൾ ധാർഷ്ഠ്യക്കാരനും ധനമോഹിയും ഭാര്യയുടെ ഹിതാനുസരണം ജീവിച്ചവനും ആയിരുന്നു. അദ്ദേഹം തന്റെ ഒരു പുത്രിയെ എലീശാ എന്ന വൈദ്യന് വിവാഹം ചെയ്തുകൊടുക്കുകയും തന്റെ മരണശേഷം അയാളെ കാതോലിക്കോസ് ആക്കണമെന്ന് കല്പിക്കുകയും ചെയ്തു. എന്നാൽ മാറി എന്ന വൈദികൻ എതിനെ എതിർത്തു.

......കുറച്ചുനാൾ ജോലിചെയ്തതിനുശേഷം ശീലാസ് മരിച്ചു. ശീലാസ് കാതോലിക്കോസിന്റെ മരുമകനായ ഏലിശാ കാതോലിക്കോസായി...........

എലീശാകാതോലിക്കോസിനെ സ്ഥാനഭ്രഷ്ഠനാക്കിയശേഷം നെസ്തോറിയർ സെലൂഷ്യൻ ആർച്ചുഡീക്കനായ പൗലോസിനെ കാതോലിക്കോസായി തെരഞ്ഞെടുത്തു വാഴിച്ചു. അയാൾക്കും ഭാര്യയും മക്കളും ഉണ്ടായിരുന്നു. ഒരുവർഷത്തെ ഭരണത്തിനുശേഷം അയാൾ മരിച്ചു. അയാളുടെ പിൻഗാമിയായി ആബാ കാതോലിക്കാ ആയി.” ഇത് ആറാം നൂറ്റാണ്ടിൽ നടന്ന (തിഗ്രീസിൽ മഫ്രിയാനാ സ്ഥാനം ഉണ്ടാകുന്നതിനു മുമ്പ്) സംഭവമായിരുന്നു. ഈ പൗലോസ് കാതോലിക്കായേയും കണക്കുകൂട്ടുമ്പോൾ ഇപ്പോഴത്തെ കാതോലിക്കാ പൗലോസ് നാലാമൻ എന്നു വിളിക്കപ്പെടേണ്ടിവരും.

**Vol. 17 Issue 2**
**November 16-30**

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/ 163/2009-2011
Rs.2

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 58/2009-11


**ചിരിവര ———— ജോയി കുളനട**




# പ.കാതോലിക്കാ ബാവായ്ക്ക് കുന്നംകുളത്ത് സ്വീകരണം

ജിനീഷ് വർഗീസ് കുന്നംകുളം

മലങ്കരസഭയുടെ പരമാദ്ധ്യക്ഷനായി സ്ഥാനമേറ്റശേഷം ജന്മനാട്ടിൽ തിരിച്ചെത്തിയ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായ്ക്ക് കുന്നംകുളം ദേശം ഊഷ്മളമായ വരവേൽപ് നൽകി. പ.പിതാവ് ശുശ്രൂഷ നടത്തിയിട്ടുള്ള ബഥനി ആശ്രമത്തിലെ ദേവാലയത്തിലേക്കാണ് ആദ്യം വന്നത്. ധൂപപ്രാർത്ഥനയ്ക്കുശേഷം അവിടെനിന്നും അലങ്കരിച്ച രഥത്തിൽ ആയിരക്കണക്കിന് വിശ്വാസികളുടെ സാന്നിധ്യത്തിൽ കുന്നംകുളം അരമനയിലേക്ക് ഘോഷയാത്രയായി ആനയിച്ചു. ഘോഷയാത്രയ്ക്കുശേഷം അരമനയിൽ ചേർന്ന പൊതുസമ്മേളനം കുന്നംകുളം എം.എൽ.എ. ബാബു എം.പാലിശ്ശേരി ഉദ്ഘാടനം ചെയ്തു. ഡോ.ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.പി.സി.തോമസ്, വിവിധ സാംസ്കാരിക സാമൂഹ്യ നേതാക്കൾ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു പ്രസംഗിച്ചു.

# രജതജൂബിലി ആഘോഷിച്ചു

മുംബൈ : സാക്കിനാക്ക സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയുടെ രജതജൂബിലി ആഘോഷങ്ങൾ മെയ് 2 മുതൽ ഒക്ടോബർ 3 വരെ വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. കേവലം 85 അംഗങ്ങൾ മാത്രമുള്ള ഈ ദേവാലയം ബോംബെ സഹാർ ഇന്റർനാഷണൽ എയർപോർട്ടിൽനിന്നും 3 കിലോമീറ്റർ അകലെയുള്ള ചേരിപ്രദേശത്ത് സ്ഥിതിചെയ്യുന്നു. ഇപ്പോൾ പുതുക്കിപ്പണിത ദേവാലയത്തിന്റെയും ദേവാലയത്തിന്റെ മുകളിൽ നിർമ്മിച്ച ജോർജ്ജിയൻ ജൂബിലി ഹാളിന്റെയും കൂദാശ മെയ് 2ന് ഭദ്രാസന മെത്രാപ്പോലീത്താ ഗീവർഗീസ് മാർ കൂറിലോസ് നിർവ്വഹിച്ചു. ഒക്ടോബർ 3ന് ഇടവക മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്തിയ ജൂബിലി സമാപന സമ്മേളനത്തിൽ ഇടവക നടത്തുന്ന ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ജോർജ്ജിയൻ ഫ്രീ ക്ലിനിക്ക് മഹാരാഷ്ട്ര സംസ്ഥാന ടെക്സ്റ്റൈൽസ് ആന്റ് ഗാർഡിയൻസ് മന്ത്രി മുഹമ്മദ് അരീഫ് നസ്സിം ഖാൻ ഉദ്ഘാടനം ചെയ്തു. ഇടുക്കി ഭദ്രാസനാധിപൻ മാത്യൂസ് മാർ തേവോദോസിയോസ് സീറോ മലബാർ സഭയുടെ കല്യാൺ രൂപതാ അദ്ധ്യക്ഷൻ മാർ തോമസ് ഇലവിനാൽ, സ്ഥലത്തെ കോർപറേറ്റർ സോമനാഥ് സാംഗ്ലേ, ക്യാപ്റ്റൻ രാജു എന്നിവർ ആശംസാപ്രസംഗം നടത്തി. മന്ത്രി ജൂബിലി സ്മരണിക പ്രകാശനം ചെയ്തു. അഡ്വ.ജോസ് എം.കോശി സ്വാഗതവും, വികാരി ഫാ.നൈനാൻ മുളമൂട്ടിൽ കൃതജ്ഞതയും നടത്തി. സമ്മേളനത്തിനുശേഷം ക്യാപ്റ്റൻ രാജുവിന്റെ നേതൃത്വത്തിൽ സംഗീത-ഹാസ്യ കലാമേളയും അവതരിപ്പിച്ചു.

# ദിവ്യബോധനം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അൽമായ പഠനപദ്ധതിയായ ദിവ്യബോധനം പഠനപദ്ധതി ഇരുപത്തിയഞ്ച് വർഷം പിന്നിട്ടിരിക്കുകയാണ്. പതിനായിരത്തോളം സ്ത്രീ-പുരുഷന്മാർക്ക് വേദശാസ്ത്ര അഭ്യസനം നൽകുവാൻ ഈ പഠന പദ്ധതിക്ക് സാധിച്ചിട്ടുണ്ട്. അടുത്ത ബാച്ചിലേക്കുള്ള (2011-2013) രജിസ്ട്രേഷൻ 2011 ജനുവരി മാസം 15-ാം തീയതി മുതൽ ആരംഭിക്കുന്നതാണ്. താൽപര്യമുള്ള ഇടവകകളും വ്യക്തികളും രജിസ്ട്രാർ, ദിവ്യബോധനം, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി.ബി.നമ്പർ 98, കോട്ടയം-1 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

# സണ്ടേസ്ക്കൂൾ 150-ാം വാർഷിക ആഘോഷം

തുമ്പമൺ സെന്റ് മേരീസ് ഓർത്തഡോക്സ് ഭദ്രാസനപള്ളിയിൽ സണ്ടേസ്ക്കൂൾ ആരംഭിച്ചതിന്റെ 150-ാം വാർഷിക ആഘോഷങ്ങൾ 2010 നവംബർ 3മുതൽ 2011 നവംബർ 27 വരെ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. വാർഷികാഘോഷങ്ങളുടെ ഭാഗമായി ഡിബേറ്റ്, വിദ്യാർത്ഥികൾക്ക് കൗൺസലിംഗ്, അഖില മലങ്കര ക്വിസ് മത്സരം, അഖില മലങ്കര പ്രസംഗമത്സരം, സ്നേഹവന്ദനം, കലാകായികമത്സരങ്ങൾ, പരിസ്ഥിതി വാരാചരണം തുടങ്ങിയ വിവിധ പരിപാടികൾ നടത്തപ്പെടുന്നു.

# പൗരോഹിത്യ രജതജൂബിലി



തുമ്പമൺ ഭദ്രാസന വൈദികസംഘം സെക്രട്ടറിയും സുവിശേഷ പ്രവർത്തകനുമായ ഫാ. വർഗീസ് കളീക്കലിന്റെ പൗരോഹിത്യ രജതജൂബിലി ഉദ്ഘാടനം നാരങ്ങാനം സെന്റ് ഓസിയോസ് ഓർത്തഡോക്സ് ഇടവകയിൽവെച്ച് ഒക്ടോബർ 29ന് നടന്നു. വി.മൂന്നിന്മേൽ കുർബ്ബാനയ്ക്കുശേഷം നടന്ന സമ്മേളനത്തിന് തുമ്പമൺ ഭദ്രാസന മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ഏബ്രഹാം മാർ സെറാഫീം മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു. തുമ്പമൺ ഭദ്രാസന സെക്രട്ടറി ഫാ.ടൈറ്റസ് ജോർജ്, സഭാമാനേജിംഗ് കമ്മിറ്റി അംഗം ഫാ. ജോൺസൺ കല്ലിട്ടതിൽ, ഫാ.ജോൺ ഫിലിപ്പോസ്, ഫാ.രാജൻ ജോർജ്, കെ.തോമസ് എബിൻ വില്ല എന്നിവർ ആശംസകൾ അറിയിച്ചു.

# എളംകുളം പള്ളിയിൽ പരുമല പെരുന്നാൾ നടത്തുന്നത് തടസ്സപ്പെടുത്തരുതെന്ന് ഹൈക്കോടതി

കൊച്ചി : കേസുകൾ നിലനിൽക്കുന്ന എറണാകുളം എളംകുളം സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് പള്ളിയിൽ പരുമല പെരുന്നാൾ നടത്തുന്നത് തടസ്സപ്പെടുത്തരുതെന്ന് ഹൈക്കോടതി ഉത്തരവായി. പെരുന്നാൾ ആഘോഷങ്ങൾ നടത്തുന്നതിനെതിരെ എറണാകുളം സെന്റ് മേരീസ് പള്ളി നൽകിയ അന്യായം തള്ളിയാണ് കോടതി ഉത്തരവുണ്ടായത്. അതനുസരിച്ച് എളംകുളം പള്ളിയിൽ ആഘോഷമായി പരുമല പെരുന്നാൾ നടത്തി. ഒക്ടോബർ 29 മുതൽ 31 വരെ എളംകുളം പള്ളിയിൽ ആഘോഷമായി പരുമല പെരുന്നാൾ നടത്തുന്നതിന് നോട്ടീസ് പ്രസിദ്ധീകരിച്ചിരുന്നു. സന്ധ്യാനമസ്ക്കാരം, ആഘോഷപരമായ പ്രദക്ഷിണം, വി.കുർബ്ബാന, നേർച്ചവിളമ്പ്, വനിതാസംഗമം തുടങ്ങി വിവിധ പരിപാടികൾ പെരുന്നാളിനോടനുബന്ധിച്ചു നടത്തുന്നതായാണ് നോട്ടീസിൽ പ്രസിദ്ധീകരിച്ചിരുന്നത്. എറണാകുളം പള്ളിയുടെ ചാപ്പലായിരുന്ന എളംകുളം സെന്റ് ഗ്രിഗോറിയോസ് ഒരു സ്വതന്ത്ര ഇടവകയായി ഇടവക മെത്രാപ്പോലീത്താ പ്രഖ്യാപിച്ചിരുന്നു. അത് അംഗീകരിക്കുവാൻ എറണാകുളം സെന്റ് മേരീസ് പള്ളി തയ്യാറായില്ല. അതിനെ തുടർന്ന് പള്ളിയിൽ ക്രിമിനലും സിവിലുമായി 25-ൽ അധികം കേസുകൾ ഉണ്ടായി. കോടതികളുടെ ഇടക്കാല ഉത്തരവുകൾ അനുസരിച്ച് എളംകുളം പള്ളിക്കാർക്ക് നിശ്ചിത സമയത്ത് വി.കുർബ്ബാന ചൊല്ലാൻ അനുവാദം ലഭിച്ചു. പെരുന്നാളാഘോഷത്തിന്റെ വിവിധ പരിപാടികൾ കോടതി ഉത്തരവുമൂലം അനുവദിച്ചിട്ടുള്ളതല്ലെന്നു കാണിച്ചാണ് പരുമല പെരുന്നാൾ ആഘോഷത്തിനെതിരെ സെന്റ് മേരീസ് പള്ളി കോടതിയിൽ പോയത്. വനിതാസംഗമം ഒഴികെ ബാക്കി എല്ലാ പരിപാടികളും നടത്താമെന്നും, അതൊന്നും ആരും തടസ്സപ്പെടുത്താൻ പാടില്ലെന്നും കോടതി ഉത്തരവായി.

# തിരുവനന്തപുരം ഭദ്രാസന പരുമല പദയാത്ര



കുണ്ടറ : തിരുവനന്തപുരം ഭദ്രാസന ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള ഈ വർഷത്തെ പരുമല പദയാത്ര കുണ്ടറ സെന്റ് കുറിയാക്കോസ് സെമിനാരിയിൽനിന്ന് ആരംഭിച്ചു. രാവിലെ സെമിനാരി ചാപ്പലിലെ വി.കുർബ്ബാനയ്ക്കുശേഷം മാനേജർ ഫാ.ഡോ.എം.ഒ.ജോൺ യുവജനപ്രസ്ഥാനം ഭദ്രാസന ജനറൽ സെക്രട്ടറി ബെനിൽ മാത്യുവിന് പതാക കൈമാറി പദയാത്ര ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ്പ്രസിഡന്റ് ഫാ.വർഗീസ് ഏബ്രഹാം, ഫാ.മാത്യു ഏബ്രഹാം, ഫാ.ജേക്കബ് സി.ഫിലിപ്പ്, ഫാ.വി.കെ. തോംസൺ, ഫാ.പ്രകാശ് കെ.തോമസ്, ഫാ.എ.ലൂക്കോസ്, ഷിബു വർഗീസ്, പ്രവീൺ ജേക്കബ്, ജോബി, ഷൈനോ, ജോർജ് തോമസ് തുടങ്ങിയവർ പദയാത്രയ്ക്ക് നേതൃത്വം നൽകി.


Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor